**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **14-10-2024 - ൽ മറുപടിയ്ക്ക്**

**കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിലെ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ മോഷണങ്ങളും മോഷണശ്രമങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ഉണ്ടായ മോഷണങ്ങളും മോഷണ ശ്രമങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഇതുമായി ബന്ധപ്പെട്ട് 2023, 2024 വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കേസുകളിൽ എത്ര എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മോഷണങ്ങളും മോഷണ ശ്രമങ്ങളുമായി ബന്ധപ്പെട്ട 15 കേസുകളിലായി 22 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ കട തീവച്ച് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 1146/2021 എന്ന കേസിന്റെ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (സി) | കൂത്താട്ടുകുളം വില്ലേജ് വടക്കേക്കരയിൽ വീട്ടിൽ വി കെ ശിവരാജന്റെ ഉടമസ്ഥതയിലുള്ള പെട്ടിക്കട ആരൊക്കയോ ചേർന്ന് 29.09.2021 -ൽ പുലർച്ചെ 01.00 മണിക്കും 3.00 മണിക്കും ഇടയിലുള്ള എതോ സമയം തീ വച്ച് നശിപ്പിച്ച് ടിയാന് ഒരു ലക്ഷം രൂപയുടെ നഷ്ടം വരുത്തിയ കാര്യത്തിന് കൂത്താട്ടുകുളം പോലീസ് സ്റ്റേഷൻ ക്രൈം.1146/2021 U/s 427, 436 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേദിവസം തന്നെ ഈ കേസിലെ കൃത്യസ്ഥലം സയന്റിഫിക് ഓഫീസർ വിശദമായി പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ചിട്ടുള്ളതും. സയന്റിഫിക് ഓഫീസറുടെ സാന്നിധ്യത്തിൽ കൃത്യസ്ഥല മഹസ്സർ തയ്യാറാക്കിയും സമീപ സ്ഥലങ്ങളിൽ നിന്നും ലഭ്യമായ CCTV ദൃശ്യങ്ങൾ പരിശോധിച്ചും സംശയിക്കപ്പെടുന്നവരുടേതായ ഫോൺ കോൾ ഡാറ്റാ രജിസ്റ്ററുകൾ പരിശോധിച്ചും കൃത്യസ്ഥലത്തു നിന്നും ശേഖരിച്ച സാമ്പിളുകൾ പരിശോധനക്കായി FSL ലേക്ക് അയച്ച് കൊടുത്തും സാക്ഷികളെ കണ്ട് ചോദിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംഭവം നടന്നതിനു ശേഷം നാളിതുവരെയും പ്രതികളെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം എന്താണ്; വിശദമാക്കാമോ; | (ഡി) | സാക്ഷികളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയും സംശയിക്കപ്പെടുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ നിരീക്ഷിച്ചും കണ്ട് ചോദിച്ചും ടിയാളുകളുടെ CDR പരിശോധിച്ചും കൃത്യസ്ഥലത്തും സമീപ സ്ഥലങ്ങളിലുമുള്ള സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ ശേഖരിച്ചും ആയവ പരിശോധിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്. നാളിതുവരെ നടത്തിയ അന്വേഷണത്തിലും അയച്ചുകിട്ടിയ മറ്റ് രേഖകൾ, ലഭിച്ച തെളിവുകൾ, രേഖപ്പെടുത്തിയ മൊഴികൾ, എന്നിവ പ്രകാരവും പ്രതികളെ കണ്ടെത്തുന്നതിന് സഹായകരമായ സൂചനകളൊന്നും ലഭിച്ചിട്ടില്ല. നാളിതുവരെ നടത്തിയ അന്വേഷണത്തിൽ നിന്നും പ്രതികളെ കണ്ടെത്തുന്നതിന് ഫലപ്രദമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. അന്വേഷണത്തിൽ പ്രതികളിലേക്ക് വിരൽചൂണ്ടുന്ന എന്തെങ്കിലും സൂചനകൾ ലഭിക്കുന്നതിനൊപ്പം തന്നെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ഇ) | പോലീസിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥയാണ് ഇത്തരം കേസുകളിൽ പ്രതികളെ പിടികൂടാൻ കാലതാമസം ഉണ്ടാക്കുന്നത് എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ഉത്തരം (ഡി) യിൽ ചേർത്തിട്ടുണ്ട്. |
| (എഫ്) | എങ്കിൽ പ്രസ്തുത ക്രൈം നമ്പറുമായി ബന്ധപ്പെട്ട കേസിലെ പ്രതികളെ അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ഉത്തരം (ഡി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | മോഷണം | | | മോഷണശ്രമം | | |
|---|---|---|---|---|---|---|
| | No.of cases registered | No.of cases detected | No. of accused arreted | No. of cases registered | No. of cases detected | No. of cases arrested |
| 2023 | 20 | 09 | 14 | 0 | 0 | 0 |
| 2024 | 13 | 05 | 07 | 3 | 1 | 1 |
| Total | 33 | 14 | 21 | 3 | 1 | 1 |